കടബാധ്യത

6 (960)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലുള്ള കടബാധ്യത എത്രയാണ്; സർക്കാർ അധികാരത്തിൽ വന്നപ്പോഴുണ്ടായിരുന്ന കടബാധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ വിദേശകടം എത്രരൂപയുണ്ടെന്നും അന്യസംസ്ഥാനങ്ങളിൽനിന്നും ഇന്ത്യാ ഗവൺമെന്റിൽനിന്നും അവയുടെ ഏജൻസികളിൽനിന്നും കടംവാങ്ങിയിട്ടുള്ളത് എത്രയെന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ കട ബാധ്യത കുറച്ചുകൊണ്ടുവരാനുള്ള പദ്ധതി എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ നിലവിലുള്ള കടബാധ്യത (31.3.1999 വരെ) 15700.28 കോടി രൂപയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 10,113.54 കോടി രൂപ കടബാധ്യത ഉണ്ടായിരുന്നു. (31.3.96)

(ബി) വിദേശകടമിനത്തിൽ സംസ്ഥാന സർക്കാരിന് നേരിട്ട് തുക ലഭിക്കാറില്ല. ഇന്ത്യാ ഗവൺമെന്റിൽനിന്നും കടം വാങ്ങിയിട്ടുള്ളത് 5648.14 കോടി രൂപയാണ്.

കേന്ദ്രസ്ഥാപനങ്ങളിൽ നിന്നും കടം വാങ്ങിയത്.

1 ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനിൽ നിന്നും - 417.64 കോടി രൂപ

2. ജനറൽ ഇൻഷുറൻസ് - 116.12 കോടി രൂപ

3. നാഷണൽ അഗ്രികൾച്ചറൽ ബാങ്ക് - 167.04 കോടി രൂപ

4. നാഷണൽ കോർപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ - 179.09 കോടിരൂപ

(സി) കടബാധ്യത കുറച്ചുകൊണ്ടുവരാനായി റവന്യു വരവ് വർദ്ധിപ്പിക്കാനും ചെലവിനങ്ങൾ കുറയ്ക്കുവാനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. വില്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുക, നികുതിയിതര വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെലവ് നിയന്ത്രിക്കുന്നതിനുവേണ്ടി കൂടുതൽ വ്യയ നിയന്ത്രണ നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഭക്ഷ്യ സബ്സിഡിക്കായി നീക്കിവച്ച തുക

7 (961)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ബാബു ദിവാകരൻ

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly